


# 16 കലാ സമ്പൂർണ്ണം

*അവ്യക്ത ബാപ്ദാദ*

ഈ ജ്ഞാനത്തിലൂടെ സർവ്വഗുണ സമ്പന്നവും 16 കലാ സമ്പൂർണ്ണവുമാകും എന്ന് മറ്റുള്ളവരെ മനസ്സിലാക്കിക്കുന്നില്ലേ. സമ്പൂർണ്ണ സ്ഥിതിയല്ലേ വർണ്ണിക്കുന്നത്. ആത്മാവിൽ ബലം ഇപ്പോഴല്ലേ നിറയുന്നത്. 16 കലാ സമ്പൂർണ്ണം എന്ന് പറയുന്നു. കലകളും ഇപ്പോഴല്ലേ നിറയ്ക്കേണ്ടത്. സർവ്വഗുണസമ്പന്നം, സമ്പൂർണ്ണ നിർവ്വികാരി, 16 കലാ സമ്പൂർണ്ണം എന്ന വാക്കുകളാണ് പറയുന്നത്. ഇതാണ് സമ്പൂർണ്ണസ്ഥിതി. സർവ്വഗുണങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കുന്നുണ്ട്. ഗുണങ്ങളുടെ ലിസ്റ്റ് ഉണ്ട്. എന്നാൽ 16 കലകൾ എന്ന് പറയുന്നതിന്റെ ഭാവാർത്ഥം എന്താണ്? ഇതാണ് സമ്പൂർണ്ണ സ്ഥിതിയുടെ അടയാളം. ആരിലെങ്കിലും ഏതെങ്കിലും വിശേഷതയുണ്ടെങ്കിൽ ഇയാളിൽ ഇന്ന കലയുണ്ട് എന്ന് പറയുന്നില്ലേ. ചിലരിൽ കരയുന്നവരെ ചിരിപ്പിക്കുന്നതിന്റെ കല, അതായത് വിശേഷത ഉണ്ടായിരിക്കും, ചിലരിൽ കൈകളുടെ വേഗതയുടെ കല ഉണ്ടായിരിക്കും, ചിലരിൽ ബുദ്ധിയുടെ അത്ഭുതത്തിന്റെ കലയുണ്ടായിരിക്കും. 16 കലാ സമ്പൂർണ്ണമെന്നാൽ അവരുടെ ഏത് കർമ്മമായാലും, ആ ഓരോ കർമ്മവും ഒരു കലയ്ക്ക് സമാനം കാണപ്പെടും. അവരുടെ ഓരോ ചലനവും- നോക്കുന്നതും, സംസാരിക്കുന്നതും, നടക്കുന്നതുമെല്ലാം ഒരു കലയുടെ രൂപത്തിൽ കാണപ്പെടും. ആരുടെയെങ്കിലും കല കാണുന്നതിന് എത്ര താല്പര്യപൂർവ്വമാണ് പോകുന്നത്. അതുപോലെ സമ്പൂർണ്ണ സ്ഥിതി പ്രാപ്തമാക്കിയ ആത്മാക്കളുടെ ഓരോ ചലനവും കലയുടെ രൂപത്തിലായിരിക്കും, സവിശേഷതയുടെ രൂപത്തിലായിരിക്കും. അപ്പോൾ വിശേഷതയായില്ലേ. സാകാരത്തിന്റെ(ബ്രഹ്മാബാബ) സംസാരത്തിലും, നടത്തയിലുമെല്ലാം വിശേഷത കണ്ടില്ലേ. അത് കലയായില്ലേ. എഴുന്നേൽക്കുതിന്റെയും ഇരിക്കുന്നതിന്റെയും കല, നോക്കുന്നതിന്റെ കല, നടക്കുന്നതിന്റെ കല ഉണ്ടായിരുന്നു. എല്ലാത്തിലും വേറിട്ട അവസ്ഥയും വിശേഷതയും ഉണ്ടായിരുന്നു. ഓരോ കർമ്മവും കലയുടെ രൂപത്തിൽ പ്രത്യക്ഷത്തിൽ കണ്ടു. അതിനാൽ 16 കലയെന്നാൽ ഓരോ ചലനവും സമ്പൂർണ്ണ കലയുടെ രൂപത്തിൽ കാണപ്പെടണം. ഇതിനെയാണ് 16 കലാ സമ്പൂർണ്ണം എന്ന് പറയുന്നത്. അതിനാൽ സമ്പൂർണ്ണ സ്ഥിതിയുടെ അടയാളമാണ് - അവരുടെ ഓരോ കർമ്മവും കലയ്ക്ക് സമാനം കാണപ്പെടും. അതായത് അതിൽ വിശേഷത ഉണ്ടായിരിക്കും. ഇതിനെയാണ് സമ്പൂർണ്ണ സ്ഥിതി എന്ന് പറയുന്നത്. ഇതാണ് 16 കലാ സമ്പൂർണ്ണമാകണം എന്ന ലക്ഷ്യം വെയ്ച്ചിരിക്കുന്നതിന്റെ സ്പഷ്ടീകരണം. ഇത് പരിശോധിക്കണം- എന്റെ നോട്ടത്തിൽ കലയുണ്ടായിരിക്കുന്നുവോ ? എന്റെ സംസാരത്തിൽ കല നിറഞ്ഞിരിക്കുന്നുവോ? എന്റെ ഓരോ കർമ്മവും കലയ്ക്ക് സമാനമാണോ എന്ന് പരിശോധിക്കണം. ജാലവിദ്യക്കാരൻ തന്റെ ജാലം കാണിക്കുന്നത്രയും സമയം ഓരോ കർമ്മവും കലയുടെ രൂപത്തിൽ കാണപ്പെടുന്നു. നടക്കുന്നത് എങ്ങനെ, വസ്തുക്കൾ എടുക്കുന്നത് എങ്ങനെ- എല്ലാം കലയുടെ രൂപത്തിലായിരിക്കുവാൻ ശ്രദ്ധിക്കുന്നു. ഈ സംഗമയുഗം വിശേഷ കർമ്മമാകുന്ന കല കാണിയ്ക്കുന്നതിന്റേതാണ്. സദാ ഞാൻ അരങ്ങിലാണ്, ഇങ്ങനെ 16 കലാ സമ്പൂർണ്ണമാകണം എന്ന് ചിന്തിക്കൂ. ആരുടെ ഓരോ കർമ്മവും കലയുടെ രൂപത്തിൽ ആയിരിക്കുന്നുവോ, അവരുടെ ഓരോ കർമ്മത്തിന്റെയും അതായത് ഗുണത്തിന്റെയും മഹിമയുണ്ടാകുന്നു. ഇതിനെയാണ് മറ്റുവാക്കുകളിൽ ഓരോ കർമ്മവും ചരിത്ര സമാനം എന്ന് പറയുന്നത്. ആ കലയുടെ രൂപം കാണവെ മറ്റുള്ളവർക്കും പ്രേരണയുണ്ടാകും. അവരുടെ കർമ്മവും സേവനയോഗ്യമായിരിക്കും. ആരെങ്കിലും ഒരു കല കാണിക്കുമ്പോൾ ആ കല സമ്പാദ്യത്തിനുള്ള

മൂന്ന് കാര്യങ്ങൾ ശക്തമാണെങ്കിൽ
ഒരിക്കലും ഒന്നിനും യുദ്ധം ചെയ്യുവാൻ കഴിയില്ല.
ആ മൂന്ന് കാര്യങ്ങളാണ് - സ്നേഹം, സ്വച്ഛത, ആത്മീയത.

*അവ്യക്ത ബാപ്ദാദ*

ഉപാധിയാകുന്നു. ഇതേ രീതിയിൽ അവർ കലയുടെ രൂപത്തിൽ ഓരോ കർമ്മവും ചെയ്യുന്നത് അളവറ്റ സമ്പാദ്യത്തിന്റെ ഉപാധിയാകുന്നു. മറ്റുള്ളവരെയും ആകർഷിക്കുന്നു. ഓരോ കർമ്മവും കലയുടെ രൂപത്തിലാകുമ്പോൾ അത് ഒരു കാന്തം പോലെയാകുന്നു. ഇന്നത്തെ ലോകത്തിൽ ചെറുതോ വലുതോ ആയ കല കാണിക്കുന്ന ആരെങ്കിലും വഴിയിൽ വച്ച് കല കാണിക്കുന്നുവെങ്കിൽ എല്ലാവരും കൂട്ടംകൂടുന്നു. ഇതാകട്ടെ ശ്രേഷ്ഠ കലയാണ്. അപ്പോൾ ആത്മാക്കൾ ആകർഷിതരാകില്ലേ? ഇപ്പോൾ ഇത്രത്തോളം പരിശോധിക്കണം. ശ്രേഷ്ഠ ആത്മാക്കളാകുന്നവരുടെ ഓരോ കർമ്മത്തിന്റെ നേർക്കും എല്ലാവരുടെയും ശ്രദ്ധയുണ്ടായിരിക്കും. കാരണം അവരുടെ ഓരോ കർമ്മത്തിലും കല അടങ്ങിയിട്ടുണ്ടാകും. അതിനാലാണ് ഓരോ കർമ്മത്തിന്റെ കലയുടെയും പൂജ ക്ഷേത്രത്തിൽ നടക്കുന്നത്. വളരെ വലിയ ക്ഷേത്രങ്ങളിൽ അവരുടെ എഴുന്നേൽക്കുന്നതിന്റെ ചരിത്രത്തിന്റെ ദർശനം പ്രത്യേകമായിരിക്കും, ഉറങ്ങുന്നതിന്റേത് പ്രത്യേകമായിരിക്കും, കഴിക്കുന്നതിന്റേത് പ്രത്യേകമായിരിക്കും, കുളിക്കുന്നതിന്റേത് പ്രത്യേകമായിരിക്കും. വളരെ കുറച്ച് ക്ഷേത്രങ്ങളിൽ എല്ലാ കർമ്മങ്ങളുടെയും ദർശനമുണ്ടായിരിക്കും. അതിന്റെ കാരണമെന്താണ്? കാരണം, ഓരോ കർമ്മവും കലയുടെ രൂപത്തിൽ ചെയ്തു. അതിനാൽ സ്മാരകം തുടർന്നുവരുന്നു. സാകാരത്തിന്റെയും ഓരോ കർമ്മവും കാണുന്നതിന്റെ താല്പര്യം എന്തുകൊണ്ട് ഉണ്ടാകുന്നു? ഇത്രയും വർഷം കൂടെയിരുന്നിട്ടും, അറിഞ്ഞിട്ടും, മനസ്സിലാക്കിയിട്ടും, കണ്ടിട്ടും, വീണ്ടും വീണ്ടും കാണുന്നതിനുള്ള താല്പര്യം എന്തുകൊണ്ട് ? ഒരു കർമ്മം പോലും കാണുന്നത് ഒഴിവായിപ്പോകുന്നതിന് താത്പര്യപ്പെടാത്തത് എന്തുകൊണ്ട് ? ജാലവിദ്യക്കാരൻ ജാലവിദ്യ കാണിക്കുമ്പോൾ ഒരു കാര്യമെങ്കിലും ഒഴിവായിപ്പോയാൽ വലിയ നഷ്ടമാകുമെന്ന് കരുതുന്നു. കാരണം അവരുടെ ഓരോ കർമ്മവും കലയാണ്. ഇതേ രീതിയിൽ എങ്ങനെയായിരുന്നു ഉറങ്ങുമായിരുന്നത് എന്നത് കാണുന്നതിനുള്ള ഇച്ഛയുണ്ടായിരുന്നു. ഉറങ്ങുന്നതിലും കലയുണ്ടായിരുന്നു. എല്ലാ കർമ്മത്തിലും കലയുണ്ടായിരുന്നു. ഇതിനെയാണ് 16 കലാ സമ്പൂർണ്ണം എന്ന് പറയുന്നത്.

സ്വഭാവത്തെ ഇണക്കുവാൻ സാധിക്കണം. ഈ കലയും വേണം. ഇങ്ങനെയുള്ളവർക്കാണ് 16 കലാ സമ്പന്നമാകുവാൻ കഴിയുന്നത് . മനസ്സിലെ ഭാവങ്ങളെയും ഇണക്കണം. സ്വഭാവത്തെയും ഇണക്കണം. അപ്പോൾ സമീപം വരും. ഇപ്പോൾ ഭിന്നത തോന്നുന്നു. എല്ലാ കലകളും നിറയ്ക്കണം. ഇന്ന ആളുടെ സ്വഭാവം ഗൗരവമാർന്നതാണെങ്കിൽ അതും കല കുറവാണെന്ന് മനസ്സിലാക്കൂ. ഇന്നയാളോട് ഈ കാര്യം സംസാരിക്കുവാൻ കഴിയില്ല എന്നായാലും കല കുറവാണ്. 16 കലാ സമ്പൂർണ്ണമെന്നാൽ എന്താണോ സമ്പൂർണ്ണ സ്ഥിതി, ആ സർവ്വ കലകളും സ്വഭാവത്തിൽ വരണം. ഒരു കലപോലും കുറയരുത്. ആരാണോ ഗോൾഡ്, അവർക്ക് സഹജമായി മോൾഡ് ആകുവാൻ കഴിയും. കലകൾ ഇല്ലാത്തതിനാലാണ് മോൾഡ് ആകാൻ കഴിയാത്തത്.

സർവ്വഗുണ സമ്പന്നവും 16 കലാ സമ്പൂർണ്ണവുമാകണം. സർവ്വഗുണ സമ്പന്നമാകുകയില്ലെങ്കിൽ 16 കലയിൽ നിന്നും 14 കല ആയിപ്പോകും. ചന്ദ്രനിൽ കല അല്പമെങ്കിലും കുറവ് വരുന്നുവെങ്കിൽ നല്ലതായി തോന്നുന്നില്ല. സമ്പൂർണ്ണതയിലാണ് മനോഹാരിത.

## വേഴാമ്പൽ

വേഴാമ്പൽ വെള്ളത്തിനു വേണ്ടി മഴമേഘങ്ങളെ കാത്തിരിക്കുന്നു. അതിന്റെ കണ്ഠത്തിൽ ദ്വാരമുണ്ട്. അതുകാരണം, താഴെനോക്കി കൊക്കുകൊണ്ട് അതിന് വെള്ളം കുടിയ്ക്കുവാൻ കഴിയില്ല. കാരണം, അകത്താക്കുന്ന വെള്ളം മുഴുവൻ കഴുത്തിലെ ദ്വാരത്തിലൂടെ പുറത്തേയ്ക്ക് ഒഴുകിപ്പോകുന്നു. അതിനു പിന്നെ ദാഹം മാറ്റുവാൻ ഒരു മാർഗ്ഗമേയുള്ളൂ. മഴ പെയ്യും നേരം, മഴമേഘങ്ങളെ നോക്കി മേലോട്ട് വായ് വിടർത്തി നോക്കിയിരിക്കും. വായ്ക്കുള്ളിൽ കിട്ടുന്ന വെള്ളം ഇറക്കും.


ദീദി മൻമോഹിനി

മഴത്തുള്ളികൾ പെയ്യുമ്പോൾ വേഴാമ്പൽ അത് ധാരണം ചെയ്യുന്നു. അതുപോലെ ബാബയുടെ ഒരോ വാക്യങ്ങളും പ്രാവർത്തികമാക്കി കാണിക്കണം. കർമ്മത്തിലൂടെ ബാബയുടെ വാക്യങ്ങളെ പ്രത്യക്ഷമാക്കണം.
മമ്മ ഭഗവാന്റെ മുഖത്തിൽ നിന്നും വരുന്ന ജ്ഞാനാമൃതം ഉൾക്കൊള്ളുമായിരുന്നു. ഒരു തുള്ളി പോലും ഒഴിവായിപ്പോകാതെ. അത്രയും ശ്രദ്ധ മമ്മയ്ക്ക് ഉണ്ടായിരുന്നു.

## പുണ്യത്തിന്റെ ഫലം

*അവ്യക്ത ബാപ്ദാദ*

ഈയൊരു ജന്മം ചെയ്യുന്ന പുണ്യത്തിന്റെ ഫലം മുഴുവൻ കല്പത്തിലും ലഭിക്കുന്നു. പുണ്യത്തിന്റെ ഫലമായാണ് പൂജനീയരും മാനനീയരുമായി മാറുന്നത്. പുണ്യത്തിന് ഫലം ഭക്തിയിലും ലഭിക്കുന്നു. ഇവിടെയും പ്രത്യക്ഷ ഫലം ലഭിക്കുന്നു. എത്രത്തോളം സേവനം ചെയ്യുന്നുവോ, അത്രയും ഉത്സാഹവും, ധൈര്യവും, ഉന്മേഷവും ഉണ്ടായിരിക്കും. സേവാധാരിയാകുകയെന്നാൽ പ്രാപ്തികളുടെ സ്വരൂപമാകുക എന്നാണ്. പുണ്യത്തിന്റെ ഫലമായി എല്ലാവരുടെയും ശുഭകാമനകളുടെ ആശീർവ്വാദങ്ങൾ ഭാവിയിലേയ്ക്കുള്ള ശേഖരണമായിത്തീരുന്നു. ഏതൊരു സേവനത്തിനും പുണ്യത്തിന്റെ ഫലം സ്വതവേ പ്രാപ്തമാകുന്നു. അതിനാൽ സേവനത്തിന്റെ മഹത്വം മനസ്സിലാക്കി ഏതെങ്കിലുമൊക്കെ സേവനത്തിൽ വ്യാപൃതരാകൂ. സഹയോഗികൾക്ക് ബാബയിലൂടെയും ഡ്രാമയിലൂടെയും പുണ്യത്തിന്റെ ഫലങ്ങൾ ലഭിക്കുന്നു. ദാതാവിന്റെ സംസ്കാരമുള്ളവർക്ക് എല്ലാഭാഗത്തു നിന്നും സഹയോഗം സ്വതവേ പ്രാപ്തമാകുന്നു. ആത്മാക്കളിലൂടെ മാത്രമല്ല, പ്രകൃതിയും വേണ്ട സമയത്ത് സഹയോഗിയാകുന്നു. ഇത് സൂക്ഷ്മ കണക്കാണ്- ആർ സദാ ദാതാവാകുന്നുവോ, ആ പുണ്യത്തിന്റെ ഫലമായി വേണ്ട സമയത്ത് സഹയോഗവും സഫലതയും ആ ആത്മാവിന് പ്രാപ്തമാകുന്നു. അതിനാൽ ദാതാവിന്റെ സംസ്കാരം പ്രത്യക്ഷ രൂപത്തിൽ വയ്ക്കൂ. പുണ്യത്തിന്റെ കണക്ക് ഒന്നിന് 10 മടങ്ങ് ഫലം തരുന്നു.




കാമം മഹാശത്രുവാണെന്ന് ഭഗവാൻ പറയുന്നു. കാരണം കാമത്തിൽ നിന്നാണ് അന്യ വികാരങ്ങൾ ഉത്ഭവിക്കുന്നത്. ചിലർ കാമമെന്നത് കാമനയായി കണക്കാക്കുന്നു. അശുദ്ധ കാമനകൾ കാരണവും വികാരങ്ങൾ ഉത്പന്നമാകുന്നുവെങ്കിലും ഇവിടെ കാമം എന്നത് വിശേഷിച്ച് ദേഹത്തിന്റെ നാമത്തിലും രൂപത്തിലും, സ്പർശത്തിലും, സംബന്ധത്തിലുമുള്ള ബോധവും അതിനോടുള്ള അശുദ്ധ ആകർഷണവുമാണ്. ഇതിന്റെ സ്ഥിതിയിൽ ശരീരത്തോടുള്ള രാഗവും സ്ത്രീയോടുള്ള മമത്വവും അടങ്ങിയിരിക്കുന്നു. കാമപരിണാമമായി സന്തതികൾ ഉണ്ടാകുമ്പോൾ, ആ സന്തതികളിലും, പത്നിയിലും, സമ്പത്തിലും മോഹം ജാഗ്രതമാകുന്നു. ഈ അശുദ്ധ സ്നേഹത്തിൽ എന്തെങ്കിലും തടസ്സം വരുമ്പോഴോ, ഏതെങ്കിലും മനോകാമനപൂർത്തിയാകതെ വരുമ്പോഴോ ക്രോധം ജനിക്കുന്നു. അതിനാലാണ് കാമാത് ക്രോധോപജായതേ (കാമത്തിൽ നിന്നും ക്രോധം ജനിക്കുന്നു) എന്ന് പറയുന്നത്. പത്നിയുടെയും സന്തതികളുടെയും സന്താപങ്ങൾ മാറ്റുവാൻ ആഗ്രഹിക്കുമ്പോൾ, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആഗ്രഹിക്കുമ്പോൾ ലോഭം ജനിക്കുന്നു. ധനം സ്വരൂപിക്കണം, സുഖ-സാമഗ്രികൾ വേണം, മാളിക പണിയിക്കണം തുടങ്ങിയ ചിന്തകൾ നടക്കുന്നു. പതിയാണെന്നും, വീട്ടിലെ അധികാരി താനാണെന്നും, ധനം തന്റേതാണെന്നും, ഇന്ന പദവിയുള്ള ആളാണെന്നുമുള്ള ഭാവന ജാഗ്രതമാകുന്നതിലൂടെ അഹങ്കാരത്തിന്റെ നിറം പതിയുന്നു. കാമം മനുഷ്യന്റെ മഹാശത്രുവാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. കാമം മനുഷ്യരെ ആദിമദ്ധ്യാന്തം ദുഃഖിപ്പിച്ചു. കാമിയായ മനുഷ്യർ വികാരത്തിന്റെ ആസുരീയ ലോകം രചിക്കുന്നു, മറ്റുള്ളവരുടെയും ജീവിതം നരകമയമാക്കുന്നു. തന്റെ സന്താനത്തെയും “യഥാ പിതാ തഥാ പുത്രൻ” എന്ന നിയമമനുസരിച്ച് അതേ സംസ്കാരം നിറയ്ക്കുന്നു. അവരെ തെറ്റായ മാർഗ്ഗത്തിലൂടെ നയിച്ച്, അവരുടെയും അമംഗളം ചെയ്യുന്നു.

കാമമാകുന്ന വികാരം സൃഷ്ടിയിൽ ഇല്ലാതിരുന്നപ്പോൾ ക്രോധവും, ലോഭവും, മോഹവും, അഹങ്കാരവും ഉണ്ടായിരുന്നില്ല. അതുകാരണം ലോകത്തിൽ പൂർണ്ണ സുഖവും ശാന്തിയും ഉണ്ടായിരുന്നു. മനുഷ്യരെ ദുഃഖിപ്പിച്ചത് കാമം തന്നെയാണ്. അതിനാൽ മുഴുവൻ ജ്ഞാനത്തിന്റെയും സാരമാണ്- കാമത്തെ, നാമ-രൂപ ബോധത്തെ, ദേഹത്തോടുള്ള അശുദ്ധ ആകർഷണത്തെ സമാപ്തമാക്കുക. ഈ വികാരം മനസ്സിൽ നിന്നും പോകാതെ ജീവിതത്തിൽ ശാന്തിയും, ശീതളതയും, ആനന്ദവും, ഉപരാമവൃത്തിയും, ഏകാഗ്രതയും, ഏകരസ അവസ്ഥയും വരുകയില്ല. സ്വന്തം പത്നിയോട് കാമത്തിന്റെ ബന്ധം വികാരമല്ല എന്ന് ചിലർ പറയുന്നു. എന്നാൽ സ്വന്തം പത്നിയാകട്ടെ, മറ്റാരെങ്കിലുമാകട്ടെ, കാമം, കാമം തന്നെയാണ്. അതിനാൽ ഇതിനെ വികാരമായിത്തന്നെയാണ് കണക്കാക്കുക. ഇതിൽ നിന്നു തന്നെയാണ് ക്രോധവും, ലോഭവും, മോഹവുമെല്ലാം ജനിക്കുന്നത്. അതിന്റെ ഫലമായി മനുഷ്യർക്ക് കഷ്ടതകളും, ദുഃഖങ്ങളും, അശാന്തിയും അനുഭവിക്കേണ്ടി വരുന്നു. അവർക്ക് ജ്ഞാനരസമോ, യോഗത്തിന്റെ ആനന്ദമോ, അതീന്ദ്രിയസുഖമോ അനുഭവിക്കുവാൻ കഴിയില്ല. കാമവാസനകൾ അനുഭവിച്ചുകൊണ്ടിരിക്കുകയും, ആത്മീയ സുഖവും ഈശ്വരീയ ആനന്ദവും അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും മനുഷ്യൻ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ? കാമവികാരം കാരണമാണ് മനുഷ്യന് ഗർഭജയിൽ മുതൽ മരണം വരെ ഈ സൃഷ്ടിയിൽ തന്റെ വികർമ്മങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്. അതിനാൽ സദാ സുഖത്തിന്റെയും ശാന്തിയുടെയും ജീവിതം നേടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദാമ്പത്യ ജീവിതമാണ് നയിക്കുമ്പോഴും കമലപുഷ്പ സമാനം പവിത്രമായി, ആത്മനിശ്ചയബുദ്ധിയുള്ളവരായി, കർമ്മാതീതമായി ജീവിക്കണം.

*പരമാത്മാവുമായി യോഗയുക്ത മാറുവാൻ ആഗ്രഹിക്കുന്ന മനുഷ്യന് കാമത്തെ..................*

കാമം ദേഹാഭിമാനം കാരണമാണ്. അത് ജ്ഞാനത്തെ നഷ്ടമാക്കുന്നു. കാമത്തിനും ജ്ഞാനത്തിനും എങ്ങനെ ഒരുമിച്ച് ഇരിക്കുവാൻ കഴിയും? പരമാത്മാവിന് ജ്ഞാനി ആത്മാവാണ് പ്രിയം. ജ്ഞാനി, ദേഹീയഭിമാനിയായിരിക്കുകയും ചെയ്യും. പരമാത്മാവുമായി യോഗയുക്തമാകുവാൻ ആഗ്രഹിക്കുന്ന മനുഷ്യന് കാമത്തെ ഉപേക്ഷിക്കാതിരിക്കുവാൻ കഴിയുന്നതെങ്ങനെ? കാമം ഇല്ലാതാക്കുന്നതിന്, അതിന്റെ മൂലകാരണമായ ദേഹാഭിമാനം ഇല്ലാതാക്കുന്നതിന് അജ്ഞാനത്തിന്റെ നിവൃത്തി ആവശ്യമാണ്. അജ്ഞാനത്തിന്റെ നിവൃത്തിയും ആത്മാവാണെന്ന നിശ്ചയത്തിൽ സ്ഥിതി ചെയ്യുന്നതും ജ്ഞാനത്തിലൂടെയും യോഗത്തിലൂടെയുമാണ് ഉണ്ടാകുന്നത്. ധർമ്മഗ്ലാനിയുടെ ഈ സമയത്ത് പരമാത്മാവിൽ നിന്നും ജ്ഞാനത്തിന്റെയും യോഗത്തിന്റെയും ശിക്ഷണം നേടി, കാമമാകുന്ന മഹാശത്രുവിനെ ജയിക്കണം. കാരണം, ഇപ്പോൾ യോഗനിഷ്ഠവും പവിത്രവുമായ സൃഷ്ടിയുടെ സ്ഥാപനയുടെ സമയമാണ്.

ബി.കെ ജഗദീഷ് ചന്ദർ



ഭാഗ്യവിധാതാവായ ബാബ ആജ്ഞാകാരികളായ കുട്ടികളെ അമൃതവേളയിൽ ദിവസവും സഫലതയുടെ തിലകമണിയിക്കുന്നു. ബാബ സഫലതയുടെ തിലകമണിയിക്കുവാൻ വരുന്നു. ബാബ ദിവസവും ചുറ്റിസഞ്ചരിക്കുവാനായി വരുന്നു. കുട്ടികൾ ഉറങ്ങിക്കിടക്കുകയാണെകിൽ അത് അവരുടെ അശ്രദ്ധയാണ് .

*അവ്യക്ത ബാപ്ദാദ*



# ക്ഷമാപണം

പണ്ടു കാലം മുതൽ, അപമൃത്യു ഉണ്ടാകുന്നവർ, അപകടത്തിൽ മരണമടയുന്നവർ, ആകസ്മികമായ കാരണങ്ങളാൽ മരിക്കുന്നവർ അന്തരീക്ഷത്തിൽ സൂക്ഷ്മ രൂപത്തിൽ സഞ്ചരിക്കുന്നുവെന്ന് വിശ്വാസിക്കപ്പെട്ടുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പാരീസിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു സംഭവം. ഒരു രാത്രിയിൽ ഡ്രീസൺ തന്റെ മുറിയിൽ കത്തിച്ചു വച്ചിരുന്ന മെഴുകുതി അണച്ച നേരം, അടുത്ത മുറിയിൽ ഒരു കാലൊച്ച കേട്ടു. അതെന്താണെന്ന് അയാൾ ഒന്ന് സംശയിച്ചു. അത് നോക്കുന്നതിനു വേണ്ടി അയാൾ ദീപം തെളിച്ചു നോക്കി. ആ കാഴ്ച കണ്ട് അയാൾ അമ്പരന്നുപോയി. 9 ദിവസങ്ങൾക്കു മുമ്പ് മരിച്ചുപോയ തന്റെ അമ്മാവന്റെ രൂപം . എന്നാൽ ആ രൂപത്തെ കാണുമ്പോൾ അയാളിൽ ഉളവായത് വെറുപ്പിന്റെ ഭാവമായിരുന്നു. കാരണം, അമ്മാവനുമായുള്ള അയാളുടെ ബന്ധം സന്തോഷപ്രദ മായിരുന്നില്ല. ഡ്രീസൺ ധൈര്യപൂർവ്വം ചോദിച്ചു– നിങ്ങൾ ആരാണ്, ആരെയാണ് നിങ്ങൾക്ക് വേണ്ടത്?. ആ രൂപം മറുപടി നൽകി– ചിലപ്പോഴൊക്കെ ഞാൻ നിന്നോട് തെറ്റായി പെരുമാറിയിരുന്നു. ദയവായി എന്നോട് ക്ഷമിക്കൂ. എന്റെ അന്യായ പ്രവൃത്തികൾ ഓർത്ത് ഞാൻ അസ്വസ്ഥനാകുന്നു. എന്നോട് മാപ്പാക്കുമെങ്കിൽ ഞാൻ സന്തോഷവാനാകും. ദൈവത്തെ ഓർത്ത് മാപ്പ് നൽകണമെന്ന് ഉദ്ദേശിച്ചാകണം, ആ രൂപം മുകളിലേയ്ക്ക് സൂചന നൽകി. അത്രയുമായപ്പോൾ ഡ്രീസൺ മറുപടി പറഞ്ഞു– ഈശ്വരൻ സാക്ഷിയായി ഞാൻ പറയുന്നു, എന്റെയുള്ളിൽ താങ്കൾക്കെതിരെ ഒന്നുംതന്നെ ഉണ്ടായി രുന്നില്ല. അപ്പോൾ ആ രൂപം നമിക്കുകയും അപ്രത്യക്ഷമാ കുകയും ചെയ്തു.

*ബി.കെ ജഗദീഷ് ചന്ദർ*



# ആസനം

ഹഠയോഗികൾ ഹഠയോഗ തപസ്യ ചെയ്യുന്ന സമയം ആസനത്തിലിരിക്കുന്നു. ആസനങ്ങൾ പലതുണ്ട്. താങ്കൾക്ക് സദാ യോഗയുക്തമാകുന്നതിനുള്ള ആസനം ഏതാണ്? നിരന്തരം യോഗയുക്ത അവസ്ഥ സഹജമായി രിക്കുന്നതിനു വേണ്ടി ബാപ്ദാദ ഒരു സഹജമായ ആസനം പറഞ്ഞുതരുകയാണ്. അതാണ്, കമലപുഷ്പാസനം. കമലാസനം എന്ന് പറയുന്നുവല്ലോ. ദേവതമാരുടെ ചിത്രങ്ങൾ രചിക്കുമ്പോൾ, ഏതിൽ നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നതായാണ് കാണിക്കുന്നത്? കമലത്തിനു മേൽ. നിരന്തരം കർമ്മം ചെയ്തു കൊണ്ടും സഹജമായി യോഗയുക്തമാകുന്നതിന് സദാ കമലാസ നധാരി, അതായത് തന്റെ സ്ഥിതി കമലപുഷ്പത്തിനു സമാനം വയ്ക്കുമെങ്കിൽ നിരന്തരം യോഗയുക്തമാകും. എന്നാൽ ഈ സ്ഥിതിയിൽ ഇരിക്കുന്നതിനു വേണ്ടി എന്ത് ചെയ്യേണ്ടി വരും? സ്വയംതന്നെ ലൈറ്റ് ആക്കേണ്ടി വരും. ഭാരരഹിതവും പ്രകാശസ്വരൂപവും. കമലപുഷ്പം എത്ര ജ്ഞാനയുക്തമാണ്. കമലപുഷപം കാണുമ്പോൾ ജ്ഞാന ത്തിന്റെ സ്മൃതി വരുന്നില്ലേ. ആസനം ഒരിക്കലും ഉപേക്ഷിക്കരുത്. കമലപുഷ്പ സമാനസ്ഥിതിയുടെ ആസനം നിലനിർത്തുമ്പോൾ ഭാവിയിൽ രാജസിംഹാ സനവും അത്രയും നിലനിൽക്കും. ഈ ആസനത്തിൽ ഇരിക്കുവാൻ കഴിയുന്നില്ലെങ്കിൽ, സിംഹാസനവും പ്രാപ്തമാക്കുവാൻ കഴിയില്ല. അതിനാൽ എന്തെല്ലാം ഭാരമുണ്ടോ ആ എല്ലാ പ്രകാരത്തിലുള്ള ഭാരവും സമാപ്തമാക്കണം. മനസ്സിന്റെ സങ്കല്പങ്ങളുടെ ഭാരമാ കട്ടെ, സംസ്കാരങ്ങളുടെ ഭാരമാകട്ടെ, ലോകത്തിലെ ഏതെങ്കിലും വിനാശിയായ വസ്തുക്കളിൽ ആകർഷിത മാകുന്നതിന്റെ ഭാരമാകട്ടെ, ലൗകിക ബന്ധുക്കളോടുള്ള മമതയുടെ ഭാരമാകട്ടെ, ഈ എല്ലാ പ്രകാരത്തിലുമുള്ള ഭാരമെന്ന് പറയാം, ബന്ധനമെന്ന് പറയാം– അവയെ സമാപ്തമാക്കണം.

*അവ്യക്ത ബാപ്ദാദ*



# ഉറുമ്പ്

ചിലപ്പോൾ ചെറിയൊരു ഉറുമ്പ് കുട്ടികളെ വിവശരാക്കുന്നു എന്നതിൽ ബാബയ്ക്ക് ആശ്ചര്യം തോന്നുന്നു. പ്രൗഢിയിൽ നിന്നും മാറുമ്പോൾ ഉറുമ്പ് ബുദ്ധി വരെ എത്തുന്നു. ബുദ്ധിയോഗത്തെ ഇളക്കുന്നു. ശരീരത്തിൽ ഉറുമ്പ് കടിച്ചാൽ ശരീരം ഇളകുന്നില്ലേ. അതുപോലെ ബുദ്ധിയെ ഇളക്കും. ഉറുമ്പ് ആനയുടെ ചെവിയ്ക്കുള്ളിൽ പോവുകയാണെങ്കിൽ അത് ആനയെ ബോധംകെടു ത്തും. അതുപോലെ ബ്രാഹ്മണ ആത്മാവ് ബോധംകെട്ട് ക്ഷത്രിയനാകുന്നു. ക്ഷത്രിയനാകരുത്. എങ്കിൽ രാജധാനിയും ത്രേതായുഗത്തിലേതായിരിക്കും ലഭിക്കുക. സത്യയുഗീ ദേവതമാർ കഴിക്കുകയും കുടിയ്ക്കുകയും ചെയ്ത ശേഷം അവശേഷിക്കുന്നതാണ് ക്ഷത്രിയർക്ക് ത്രേതയിൽ ലഭിക്കുക. കർമ്മത്തിന്റെ വിളഭൂമിയിലെ ആദ്യ വിളവ് ബ്രാഹ്മണൻ–സോ–ദേവതമാർക്കാണ് ലഭിക്കുന്നത്. രണ്ടാമത്തെ വിളവാണ് ക്ഷത്രിയർക്ക് ലഭിക്കുന്നത്. ആദ്യ വിളവിന്റെ സ്വാദും രണ്ടാമത്തേതിന്റെ സ്വാദും എന്തായിരിക്കുമെന്ന് അറിയാമല്ലോ?

*അവ്യക്ത ബാപ്ദാദ*




ഗർഭസ്ഥശിശുവിന്റെ ആവിർഭാവത്തിന്റെ രണ്ടാം മാസത്തിൽ മാംസപിണ്ഡത്തിൽ നിന്നും തലയും കൈ-കാലുകൾ തുടങ്ങിയ അവയവങ്ങളും പ്രത്യക്ഷമായി ത്തുടങ്ങുന്നു. മൂന്നാം മാസത്തിൽ രോമം, നഖം, തുടങ്ങിയവ പ്രത്യക്ഷമാകുന്നു. നാലാം മാസത്തിൽ സപ്തധാതുക്കൾ സംജാതമാകുന്നു. അഞ്ചാം മാസത്തിൽ വിശപ്പ്, ദാഹം എന്നിവയുടെ ആവിർഭാവമുണ്ടാകുന്നു. ആറാം മാസത്തിൽ ഉദരത്തിന്റെ ഇടതുഭാഗത്ത് ഒതുങ്ങിക്കിടക്കുന്നു. അതിനുശേഷം മാതാവ് കഴിക്കുന്ന അന്നപാനാദികളിൽ നിന്നും ലഭിക്കുന്ന രസം ആഹാരമാക്കി ശരീരവല്ക്കരിച്ച ജീവൻ വളരുന്നു. ഇന്ദ്രിയങ്ങളുടെ വളർച്ചയിൽ സുഖ-ദുഃഖങ്ങളും വേദ്യമായിത്തുടങ്ങുന്നു. വിസർജ്ജത്തിന്റെ ദുർഗന്ധവും, കൃമികീടങ്ങളുടെ ഉപദ്രവും നിമിത്തം ക്ലേശകരമായ അവസ്ഥയിലാണ് ആ സമയത്തെ ഗർഭാശയവാസം. ശരീരത്തിൽ നിരന്തരമായി കൃമികൾ കടിച്ചു കീറുന്ന വേദനയും, മാതൃഭക്ഷണത്തിൽ നിന്നും ലഭിക്കുന്ന എരിവ്, പുളിപ്പ്, കയ്പ്പ് തുടങ്ങിയവയുടെ അരോചക രസവും, ഒരു അവയവം പോലും അനക്കാൻ കഴിയാത്ത രീതിയിൽ സർവ്വാംഗവേദനയും അനുഭവപ്പെ ടുന്നു. തന്റെ തത്ക്കാല അവസ്ഥയുടെ അറിവ് ജീവന് വന്നുതുടങ്ങുന്നതോടെ വേദന ദുസ്സഹമായിത്തീരുന്നു. ഈ ദുരവസ്ഥ മുജ്ജന്മങ്ങളിൽ താൻ ചെയ്ത പാപങ്ങളുടെ ഫലമാണെന്ന ചിന്ത ഉദിക്കുന്നു. ഏഴാം മാസത്തിൽ പൂർവ്വകാല സ്മരണ ബലവത്താകുന്നു. ഏത് അശുഭത്തെ യും ശുഭമരുളുവാൻ ശക്തനായ ഈശ്വരനെ ദുഃഖഭീതി കളോടെ അഭയം പ്രാപിക്കുകയും ഇപ്രകാരം പ്രാർത്ഥി ക്കുകയും ചെയ്യുന്നു- "അല്ലയോ ഈശ്വരാ, ഞാൻ അങ്ങയെ മറന്ന് ദേഹാഭിമാനിയായിപ്പോയി. എന്റെ ചിന്തകൾ പുത്രദാരാദികളിലും ധനത്തിലുമായി. ഞാൻ ഏകനായി ഈ ഗർഭപാത്രത്തിലെ ജഠരാഗ്നിയിൽ വെന്തുനീറുകയാണ്. ഇതിൽ നിന്നും മുക്തനാകുന്ന നിമിഷം മുതൽ അങ്ങയുടെ പാദപൂജയല്ലാതെ മറ്റൊരു ചിന്തയും എനിക്ക് ഉണ്ടാകില്ല. ഇവിടെ നിന്നുമുള്ള മുക്തിയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ഇവിടെക്കിടന്ന് ഞാൻ വേദനിക്കുന്നത് അവിടുന്ന് അറിയുന്നില്ലേ. കനിവ് കാണിയ്ക്കൂ". പിന്നെ അടുത്ത നിമിഷം പറയും- "ഞാൻ ഈ ദുഃഖലോകത്ത് തന്നെ കിടന്നുകൊള്ളാം, എനിക്ക് മോചനം വേണ്ട, കാരണം, പുറത്തുവന്നാൽ ഞാൻ മായയാൽ ലൗകിക ചിന്തകളാൽ വലയം ചെയ്യപ്പെട്ടാലോ''. ഗർഭത്തിൽ നിന്നും ഞെരുങ്ങിയും വീർപ്പുമുട്ടിയും ഓർമ്മകെട്ട് ഭൂതലത്തിൽ എത്തുമ്പോൾ ഗർഭസ്ഥിത നായിരുന്ന സമയത്ത് ഉണ്ടായിരുന്ന പൂർവ്വസ്മരണയും ആത്മബോധവും നഷ്ടപ്പെട്ട അർഭക ബുദ്ധി രോദനത്തിൽ നിമഗ്നനാവുന്നു. ഗർഭപാത്രത്തിൽ കിടന്നുഴലുമ്പോഴും ശ്മശാനങ്ങളിൽ ചെന്ന് ചരമക്രിയകൾ കാണുമ്പോഴും ആത്മബോധം ഉണരുന്നു. ഉത്തമങ്ങളായ പുരാണങ്ങൾ ശ്രവിക്കുമ്പോഴും ആത്മബോധം ഉണരുന്നു. ആ അനുഭൂതിയിൽ നിത്യവും കഴിയാനുള്ള ഭാഗം ഉണ്ടായാൽ സംസാരദുഃഖങ്ങൾ ഉണ്ടാകില്ല.

# ബന്ധനം

*അവ്യക്ത ബാപ്ദാദ*



"ബന്ധനം എത്രനാൾ" എന്ന് ചിന്തിക്കുന്നു . ബന്ധനമാണ് എന്ന് അറിയാമായിരിക്കെ, യോഗത്തിലൂടെ എങ്ങനെ ബന്ധനമു ക്തമാകാം എന്ന് ചിന്തിക്കൂ. അതും കൂടുതൽ ചിന്തിക്കരുത്. ചിന്തിക്കുന്നതിലൂടെ ഒന്നും നടക്കുകയില്ല. ചെയ്യുന്നതിലൂ ടെയാണ് നടക്കുന്നത്. ചിന്തിച്ച്-ചിന്തിച്ച് ആ സമയം അന്തിമ നിമിഷം വന്നുചേരുന്നുവെങ്കിൽ എന്തുണ്ടാകും? ബന്ധനം, ബന്ധനം എന്ന് ചിന്തിച്ചുകൊണ്ടി രുന്നാൽ എവിടെ പോകും? കൂട്ടിലെ പക്ഷിയായിപ്പോകും. അന്തിമത്തിൽ ബന്ധനം ഓർമ്മയിലിരിക്കുകയാണെങ്കിൽ ഗർഭജയിലിൽ പോകേണ്ടി വരും. സന്തോഷത്തോടെ പോകുമെങ്കിൽ അഡ്വാൻസ് പാർട്ടിയിൽ സേവനത്തിനു വേണ്ടി പോകും. അതിനാൽ ഒരിക്കലും സ്വയം തന്നോട് മടുപ്പ് തോന്നരുത്. സന്തോഷ മായിരിക്കൂ. എന്തു ചെയ്യട്ടെ, എങ്ങനെ ചെയ്യട്ടെ എന്ന ഗീതം പാടരുത്. സന്തോഷത്തിന്റെ ഗീതം പാടൂ. മനസ്സുകൊണ്ട് തന്നെ ബന്ധിക്കരുത്. ബാബ കോടിയിൽ ചിലരിൽ നിന്നും തെരഞ്ഞെടുത്തതാണ് എന്നത് ഓർമ്മ വയ്ക്കൂ. ബാബ കണ്ടുപിടിച്ച് സ്വന്തമാക്കിയതാണ് എന്ന് സന്തോഷ ത്തിലും ലഹരിയിലുമിരിക്കൂ.

ഒരു ബലവും ഒരു ആശ്രയവുമാണെങ്കിൽ, കുട്ടികളുടെ ധൈര്യത്തിന് ബാബയുടെ സഹായമുണ്ട്. എങ്ങനെയുള്ള കടുത്ത ബന്ധനവുമായിക്കൊള്ളട്ടെ. എന്നാൽ ധൈര്യ ത്തിന്റെ ആധാരത്തിൽ ആ അടുത്ത ബന്ധവും സഹജമായി ഇല്ലാതാകും. ജയിലിന്റെ താഴ് തുറന്നുവന്നു എന്ന് കാണി ക്കുന്നു. അതുപോലെ താങ്കളുടെ ബന്ധനവും തുറക്കും. അല്പമെങ്കിലും ബന്ധനമുണ്ടെങ്കിൽ അതിനെ യോഗാഗ്നി യിലൂടെ ഭസ്മമാക്കൂ. ഭസ്മമാകുമ്പോൾ പേരും അടയാളവും സമാപ്തം. മുറിയ്ക്കുകയാണ് ചെയ്യുന്നതെങ്കിൽ വീണ്ടും കെട്ട് വീണേയ്ക്കാം. അതിനാൽ മുറിയ്ക്കരുത്, ഭസ്മമാക്കൂ. അപ്പോൾ സദാകാലത്തേയ്ക്ക് മുക്തമാകും.



ചിരിക്കുന്നതിൽ ആർക്കും വിലക്കില്ല. പുഞ്ചിരിക്കുന്ന മുഖം ഒരു പുഷ്പം പോലെ മനോഹരമാണ്.
അവസരോചിതമായ നല്ല തമാശകൾ വഴി വായുമണ്ഡലത്തിൽ ഭാരരാഹിത്യവും, ബന്ധങ്ങളിൽ സാമീപ്യവും, ജീവിതത്തിൽ രസവും അനുഭവപ്പെടും.